**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1084** **30-06-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ മേൽമുറി, ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇരുമ്പുഴി കരുമഞ്ചേരി പറമ്പ് ഉൾപ്പെട്ട പഞ്ചായത്തിലെ 1,2,3,17 മുതൽ 23 വരെയുള്ള പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി കടലുണ്ടിപുഴയിൽ പുതിയ കിണറും ട്രീറ്റ്മെന്റ് പ്ലാന്റും വിതരണ ശൃംഖലയും നിലവിൽ പൈപ്പ് ലൈൻ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതും ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി JJM-ൽ നല്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഇരുമ്പുഴി കരുമഞ്ചേരി പറമ്പ് ഉൾപ്പെട്ട ആനക്കയം പഞ്ചായത്തിലെ പുതുക്കിയ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. മേൽമുറി കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇരു പദ്ധതികൾക്കും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ബജറ്റ് അലോട്ട്മെന്റ് കുറവുള്ള പക്ഷം 2022-23 വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ഇരുമ്പുഴി കരുമഞ്ചേരി പറമ്പ് ഉൾപ്പെട്ട പഞ്ചായത്തിലെ 1,2,3, 17 മുതൽ 23 വരെയുള്ള പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി കടലുണ്ടിപുഴയിൽ പുതിയ കിണറും ട്രീറ്റ്മെന്റ് പ്ലാന്റും വിതരണ ശൃംഖലയും നിലവിൽ പൈപ്പ് ലൈൻ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതും ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി JJM-ൽ നല്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഇരുമ്പുഴി കരുമഞ്ചേരി പറമ്പ് ഉൾപ്പെട്ട ആനക്കയം പഞ്ചായത്തിലെ പുതുക്കിയ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. മേൽമുറി കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി പ്രസ്തുത പദ്ധതികൾ | (സി) | രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി പ്രസ്തുത പദ്ധതികൾ |

| | | | |
|---|---|---|---|
| | സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ? | | സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ